ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

TIME: 6.30 PM DATE: 06.02.2026

## പ്രധാനവാർത്തകൾ

1. പരീക്ഷകളെ ഒരിക്കലും ജീവിതത്തിൻ്റെ പരീക്ഷണങ്ങളായി കാണരുതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പരീക്ഷാ പേ ചർച്ചയുടെ രണ്ടാം ഭാഗം തിങ്കളാഴ്ച.
2. കേരളത്തിലെ റെയിൽവെ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സംസ്ഥാന സർക്കാർ ഭൂമി ഏറ്റെടുക്കൽ വേഗത്തിലാക്കണമെന്ന് റെയിൽവെ മന്ത്രി അശ്വിനി വൈഷ്ണവ്.
3. പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെൻറിൻ്റെ ഇരുസഭകളും പിരിഞ്ഞു. വീണ്ടും തിങ്കളാഴ്ച ചേരും.
4. മൂന്നാമത് രാജ്യാന്തര ഊർജ്ജമേളയ്ക്ക് നാളെ എറണാക്കുളത്ത് തുടക്കം.
5. അക്ഷരത്തോടൊപ്പം ആരോഗ്യം പദ്ധതിക്ക് സംസ്ഥാനത്ത് തുടക്കമായി. കുട്ടികളുടെ ശാരീരിക - മാനസിക ആരോഗ്യ സംരക്ഷണത്തിന് ഇനി 104 ടോൾ ഫ്രീ നമ്പർ.
6. അണ്ടർ -19 ഏകദിന ക്രിക്കറ്റ് ലോകകപ്പ് ഫൈനലിൽ ഇന്ത്യക്കെതിരെ ഇംഗ്ലണ്ടിന് 412 റൺസ് വിജയലക്ഷ്യം.

RNU TVPM

## പരീക്ഷാ പേ ചർച്ച - പി.എം (INTRO)

ജീവിതം മെച്ചപ്പെടുത്തുന്നതിൽ വിദ്യാഭ്യാസം മാധ്യമം മാത്രമാണെന്നും പരീക്ഷകളെ ഒരിക്കലും ജീവിതത്തിൻ്റെ പരീക്ഷണങ്ങളായി കാണരുതെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി. പരീക്ഷാ പേ ചർച്ചയുടെ 9-

ാം പതിപ്പിൽ വിദ്യാർത്ഥികളുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. സമയനിഷ്ഠയ്ക്ക് വിജയത്തിൻറെ പാതയിൽ ഏറെ പ്രാധാന്യമുണ്ട്. മാർഗനിർദേശവും ആത്മവിശ്വാസവും ഒന്നിച്ച് ചേരുമ്പോഴാണ് യഥാർത്ഥ ആത്മധൈര്യം വളരുന്നതെന്നും പരീക്ഷകൾക്കുള്ള സ്വന്തം തയ്യാറെടുപ്പ് രീതിയിൽ പൂർണ ആത്മവിശ്വാസം പുലർത്തുന്നത് പ്രധാനമാണെന്നും ശ്രീ നരേന്ദ്ര മോദി പറഞ്ഞു.

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

## പരീക്ഷാ പേ ചർച്ച - പ്രതികരണം (ഇൻട്രോ)

പരീക്ഷാ പേ ചർച്ചയെ കുറിച്ച് വിവിധ ജില്ലകളിലെ വിദ്യാർത്ഥികളുടെ പ്രതികരണങ്ങളിലേക്ക്....

(വോയിസ്)

PNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## പരീക്ഷാ പേ ചർച്ച - രണ്ടാം ഭാഗം

പരീക്ഷാ പേ ചർച്ച 9-ാം പതിപ്പിൻറെ രണ്ടാം ഭാഗം തിങ്കളാഴ്ച. ആകാശവാണിയുടെ എല്ലാ നിലയങ്ങളും രാവിലെ 10 മണി മുതൽ പരിപാടി പ്രക്ഷേപണം ചെയ്യും. ആകാശവാണിയുടെ യുട്യൂബ് ചാനലിലും ലഭ്യമാകും.

❁❁❁❁❁❁❁❁❁❁❁❁❁

## പാർലമെൻറ്

പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെൻറിൻറെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. ലോക്സഭയും രാജ്യസഭയും വീണ്ടും തിങ്കളാഴ്ച ചേരും. ചോദ്യോത്തര വേള ആരംഭിച്ചപ്പോൾ തന്നെ പ്രതിപക്ഷ അംഗങ്ങൾ വിവിധ വിഷയങ്ങളിൽ മുദ്രാവാക്യവുമായി ലോക്സഭയുടെ നടുത്തളത്തിലിറങ്ങി. കേന്ദ്ര ബജറ്റിന്മേലുള്ള ചർച്ച ഉൾപ്പെടുത്തിയിരുന്നെങ്കിലും ആരംഭിക്കാൻ സാധിച്ചില്ല. പ്രതിപക്ഷത്തിൻറെ നിലപാടിൽ സ്പീക്കർ ഓം

ബിർള ആശങ്ക അറിയിച്ചു. രാജ്യസഭയിൽ നടപടികൾ ഉച്ചയ്ക്ക് രണ്ട് മണി വരെ നിർത്തിവെക്കുകയും പിന്നീട് ഇന്നത്തേക്ക് പിരിയുകയുമായിരുന്നു.

## അമൃത് ഭാരത് - അശ്വിനി (ഇൻട്രോ)

കേരളത്തിലെ റെയിൽവെ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സംസ്ഥാന സർക്കാർ ഭൂമി ഏറ്റെടുക്കൽ വേഗത്തിലാക്കണമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. രാജ്യസഭയിൽ ബജറ്റ് വകയിരുത്തലുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് മറുപടി പറയുകയായിരുന്നു അദ്ദേഹം. കേരളത്തിലെ റെയിവെ വികസനത്തിന് ഇത്തവണ ബജറ്റിൽ 3,795 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും ശ്രീ അശ്വിനി വൈഷ്ണവ് അറിയിച്ചു.

(ഹോൾഡ്)

## കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ

വരാനിരിക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പുകൾ സ്വതന്ത്രവും നീതിയുക്തവുമാണെന്ന് ഉറപ്പാക്കണമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ. കേരളം, അസം, പുതുച്ചേരി, തമിഴ്നാട്, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിലെ നിയമസഭാ തെരഞ്ഞെടുപ്പ് നിരീക്ഷകർക്കുള്ള യോഗത്തിൻറെ സമാപനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പരാതികളിൽ ഉടനടി പരിഹാരം കാണുന്നത് തിരഞ്ഞെടുപ്പ് പ്രക്രിയയിലുള്ള വിശ്വാസം വർദ്ധിപ്പിക്കാൻ സഹായിക്കുമെന്ന് യോഗത്തിൽ അഭിപ്രായം ഉയർന്നു. രണ്ട് ദിവസത്തെ യോഗത്തിൽ മൂന്ന് ബാച്ചുകളിലായ് 1,444 ഉദ്യോഗസ്ഥരാണ് പങ്കെടുത്തത്.

## എസ്.ഐ.ആർ - കേരള

RNU TVPM

സംസ്ഥാനത്ത് എസ് ഐ ആറിൻറെ ഭാഗമായിയുള്ള ഹിയറിംഗിലൂടെ 21,130 പേർ വോട്ടർപ്പട്ടികയിൽ നിന്ന് പുറത്തായതായി മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു.കേൽക്കർ. ഇതിൽ 2,804 പേർ എന്യൂമറേഷൻ കാലഘട്ടത്തിൽ മരണപ്പെട്ടവരും, ആയിരത്തി 39 പേർ വിദേശ പൗരത്വം സ്വീകരിച്ചവരുമാണെന്ന് അദ്ദേഹം അറിയിച്ചു. അന്തിമ വോട്ടർ പട്ടിക ഈ മാസം 21 ന് പ്രസിദ്ധീകരിക്കും. അതെസമയം, ഉത്തർപ്രദേശിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്കരണവുമായി ബന്ധപ്പെട്ട പരാതികൾ സമർപ്പിക്കാനുള്ള സമയപരിധി അടുത്ത മാസം 6 വരെ തിരഞ്ഞെടുപ്പ് കമ്മീഷൻ നീട്ടി.

☸☸☸☸☸☸☸☸☸☸☸☸☸

## എൽ ഡി എഫ് ജാഥ

എൽ ഡി എഫിൻറെ മധ്യമേഖല വികസന മുന്നേറ്റ ജാഥക്ക് പത്തനംതിട്ടയിൽ തുടക്കമായി. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. നിയമസഭയിൽ പ്രതിപക്ഷം ചർച്ചകളിൽ നിന്നും ഒളിച്ചോടുകയാണെന്ന് അദ്ദേഹം പറഞ്ഞു. ജോസ് കെ മാണി എം പിയുടെ നേതൃത്വത്തിലാണ് മധ്യമേഖല മുന്നേറ്റ ജാഥ നടക്കുന്നത്.

RNU TVPM

☸☸☸☸☸☸☸☸☸☸☸☸

## വി ഡി സതീശൻ - യാത്ര

പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ നയിക്കുന്ന യു.ഡി.എഫ് പുതുയുഗ യാത്രയ്ക്ക് കാസർകോട് കുമ്പളയിൽ തുടക്കമായി. എഐസിസി ജനറൽ സെക്രട്ടറി കെ.സി.വേണുഗോപാൽ ഉത്ഘാടനം ചെയ്തു. വിവിധ ജില്ലകളിലെ മേഖലാതല യാത്രകൾക്ക് മുതിർന്ന കോൺഗ്രസ്സ് നേതാക്കൾ നേതൃത്വം നൽകും.

☸☸☸☸☸☸☸☸☸☸☸☸☸

## ബി ജെ പി - നിതിൻ നബീൻ

എൽഡിഎഫിൻറേയും യു ഡി എഫിൻറേയും അഴിമതി തുറന്നു കാണിക്കുന്നതിലൂടെ ബി ജെ പി യുടെ ആദർശങ്ങൾ ജനങ്ങൾ പിന്തുടരുമെന്ന് ബി ജെ പി ദേശീയ അധ്യക്ഷൻ നിതിൻ നബീൻ. 'എന്റെ

ബൂത്ത് എന്റെ അഭിമാനം- വികസിത കേരള സംഗമം' പരിപാടിയെ എറണാകുളത്തു അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. കേന്ദ്ര മന്ത്രിമാരായ ശോഭ കരന്തലജെ, ജോർജ് കുര്യൻ, ബി ജെ പി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ ഉൾപ്പെടെയുള്ള മുതിർന്ന നേതാക്കൾ പരിപാടിയിൽ പങ്കെടുത്തു.

☸☸☸☸☸☸☸☸☸☸☸☸☸

## രാജ്യാന്തര ഊർജ്ജമേള

മൂന്നാമത് രാജ്യാന്തര ഊർജ്ജമേളയ്ക്ക് നാളെ എറണാക്കുളത്ത് തുടക്കമാകും. മൂന്ന് ദിവസത്തെ മേള മന്ത്രി കെ. കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്യും. 'ഊർജ്ജഭാവിയുടെ ശാക്തീകരണം' എന്നതാണ് ഇത്തവണത്തെ പ്രമേയം. ഗ്രീൻ എക്സ്പോ, ചർച്ചകൾ, എനർജി ക്ലബ് സംസ്ഥാനതല മത്സരങ്ങൾ എന്നിവ മേളയോട് അനുബന്ധിച്ച് നടക്കും.

☸☸☸☸☸☸☸☸☸☸☸☸☸

## അക്ഷരം ആരോഗ്യം -വീണാ ജോർജ്

സംസ്ഥാനത്ത് കുട്ടികളുടെ ശാരീരിക - മാനസിക ആരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കായി ഇനി മുതൽ 104 എന്ന നമ്പറിൽ വിളിച്ചാൽ മതിയാകും. 24 മണിക്കൂറും കുട്ടികൾക്ക് ആരോഗ്യ സേവനം നൽകുന്ന അക്ഷരത്തോടൊപ്പം ആരോഗ്യം എന്ന പദ്ധതിക്ക് സംസ്ഥാനതലത്തിൽ തുടക്കമായി. ആരോഗ്യ മന്ത്രി വീണ ജോർജ് തിരുവനന്തപുരം കോട്ടൺഹിൽ സ്കൂളിൽ പദ്ധതി ഉദ്ഘാടനം ചെയ്തു.

RNU TVPM

☸☸☸☸☸☸☸☸☸☸☸☸☸

## ഇടുക്കി അഞ്ചുരുളി (ഇൻട്രോ)

ഏഷ്യയിലെ തന്നെ ഏറ്റവും വലിയ ജലസേചന തുരങ്കങ്ങളിലൊന്നായ ഇടുക്കിയിലെ അഞ്ചുരുളി തുരങ്കം നാൽപത്തിയഞ്ചാം വാർഷിക നിറവിൽ. ഇരട്ടയാർ ഡാമിലെ വെള്ളം ഇടുക്കി അണക്കെട്ടിലെത്തിക്കാനായി നിർമിച്ച ഈ തുരങ്കം സഞ്ചാരികളുടെ ഇഷ്ടയിടം കൂടിയാണ്.

ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്.....

(വോയ്സ്)

☸☸☸☸☸☸☸☸☸☸☸☸☸

## ക്രിക്കറ്റ്

അണ്ടർ-19 ഏകദിന ക്രിക്കറ്റ് ലോകകപ്പ് ഫൈനലിൽ ഇന്ത്യക്കെതിരെ ഇംഗ്ലണ്ടിന് 412 റൺസ് വിജയലക്ഷ്യം. ടോസ് നേടി ബാറ്റിംഗ് തിരഞ്ഞെടുത്ത ഇന്ത്യ നിശ്ചിത 50 ഓവറിൽ 9 വിക്കറ്റിന് 411 റൺസ് എടുത്തു. ഇന്ത്യക്കു വേണ്ടി ഓപ്പണർ വൈഭവ് സൂര്യവംശി സെഞ്ച്വറി നേടി. മറുപടി ബാറ്റിംഗിനിറങ്ങിയ ഇംഗ്ലണ്ട് ഒടുവിൽ വിവരം ലഭിക്കുമ്പോൾ രണ്ട് വിക്കറ്റിന് 112 റൺ എന്ന നിലയിലാണ്.

PRU TVPM

☸☸☸☸☸☸☸☸☸☸☸☸☸

## പ്രത്യേക സ്റ്റോപ്പ്

രാമേശ്വരം തിരുവനന്തപുരം അമൃത എക്സ്പ്രസിന് പത്തനംതിട്ടയിലെ തിരുവല്ലയിൽ സ്റ്റോപ്പ് അനുവദിച്ചു. പൊതുജന സൗകര്യം മുൻനിർത്തി തിരുവല്ലയിൽ സ്റ്റോപ്പ് അനുവദിക്കണമെന്നാവശ്യപ്പെട്ട് ബി.ജെ.പി സംസ്ഥാന ജനറൽ സെക്രട്ടറി അനൂപ് ആന്റണി കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്തയച്ചിരുന്നു.

☸☸☸☸☸☸☸☸☸☸☸☸☸

## റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ

റിപ്പോ നിരക്കിൽ മാറ്റം വരുത്താതെ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ. റിപ്പോ നിരക്ക് 5.25 ശതമാനത്തിൽ തുടരുമെന്ന് ആർബിഐ ഗവർണർ സഞ്ജയ് മൽഹോത്ര വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ഓൺലൈൻ പണമിടപാട് തട്ടിപ്പിൽ പണം നഷ്ടപ്പെട്ടവർക്ക് 25,000 രൂപ വരെ നഷ്ടപരിഹാരം നൽകുമെന്നും അദ്ദേഹം പറഞ്ഞു. ഇത് സംബന്ധിച്ച

കൂടുതൽ വിവരങ്ങൾ വൈകാതെ പങ്കുവെക്കുമെന്നും ശ്രീ സഞ്ജയ് മൽഹോത്ര വ്യക്തമാക്കി.

## പാകിസ്ഥാൻ - സ്ഫോടനം

പാകിസ്ഥാൻ തലസ്ഥാനമായ ഇസ്ലാമബാദിലുണ്ടായ ചാവേർ ആക്രമണത്തിൽ 31 പേർ കൊല്ലപ്പെട്ടു. 170 പേർക്ക് പരിക്കേറ്റു. ഷെഹ്സാദ് ടൗൺ മേഖലയിലുള്ള തർലായ് ഇമാംബർഗ എന്ന ആരാധനാലയത്തി ലായിരുന്നു സ്ഫോടനം.

## ഓഹരി -സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 266 പോയിൻറ് ഉയർന്ന് 83,580ലും നിഫ്റ്റി 51 പോയിൻറ് നേട്ടത്തിൽ 25,693 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണ വില കുറഞ്ഞു. ഗ്രാമിന് 190 രൂപ കുറഞ്ഞ് 13,965 രൂപയും പവന് 1,520 രൂപ താഴ്ന്ന് ഒരു ലക്ഷത്തി 11,720 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM